File No.TCPCTP/464/2020-D3

## മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം.

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം- സാങ്കേതിക വിഭാഗം - തിരുവനന്തപുരം ജില്ല - വെമ്പായം ഗ്രാമപഞ്ചായത്ത് - വട്ടപ്പാറ വില്ലേജ് - റെസിഡൻഷ്യൽ പ്ലോട്ട് സബ് ഡിവിഷൻ- ലേ -ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) വെമ്പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/11/2019, 10/01/2020 തീയതികളിലെ യഥാക്രം A4/8375/18, A4/11130/19 നമ്പർ കത്തുകൾ.

2) തിരുവനന്തപുരം ടൗൺ പ്ലാനറുടെ 15/02/2020-ലെ TCPTVM/1784/2019-D നമ്പർ കത്ത്.

---

കെട്ടിട നിമ്മാണ അപേക്ഷ വിഭാഗം.

TCPCTP/464/2020-D3 തീയതി : **19/03/2020**

---

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വട്ടപ്പാറ വില്ലേജിൽ റീ സർവ്വേ നമ്പർ **459/15, 459/16,456/4, 459/2, 457/8-1, 456/11, 457/9-1, 459/7, 455/8, 455/28, 457/7, 459/6-1, 456/6-1, 456/6-2, 456/6-3, 459/14, 457/15, 457/9, 457/9-2, 459/13, 457/16, 459/12-1, 459/12, 459/1-1, 457/8** (OLD SURVEY NOS. 1156/3-1, 1156/3-1, 1130/3-1, 1156/3, 1156/1-2, 1156/2-1, 1156/3-1, 1131/7, 1156/2-1, 1156/2, 1155/1, 1158/1, 1161/5, 1162/2, 1131/6, 1157/2-1, 1164/1, 1159/1, 1159/1, 1159/1, 1156/3-1, 1131/9, 1155/1, 1155/1, 1156/3-1, 1156/3-2, 1155/1, 1155/1, 1155/1, 1155/1, 1131/2-7) എന്നിവയിൽ ഉൾപ്പെട്ട 380181 ച.മീ വസ്തുവിൽ റെസിഡൻഷ്യൽ പ്ലോട്ട് സബ് ഡിവിഷൻ ലേ- ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ഡയറക്ടർ, ഗ്രീൻ കളക്ടീവ് പ്രോജക്ട് Pvt, Ltd TC 12/656, പ്രണാം, തമ്പുരാൻ മുക്ക്, തിരുവനന്തപുരം - ത്തിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും , നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.

1. കെ.പി.ബി.ആർ. 2011-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
2. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
3. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
4. കട്ടിംഗ് / ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
5. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്ത

ങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായിരിക്കണം.

6. ചട്ടം 31 (X) പ്രകാരം ഉപരിതല ജല നിർഗ്ഗമന സംവിധാനത്തിനുള്ള മതിയായ ഏർപ്പാടുകൾ അപേക്ഷകർ വ്യവസ്ഥ ചെയ്യേണ്ടതാണ്.
7. ചട്ടം 31 (Xii) പ്രകാരം സൈറ്റിന്റെ പ്രവേശന കവാടത്തിൽ ആവശ്യമായ വിവരങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്.
8. Recreation സ്പേസ് ശരിയായ രീതിയിൽ നിലനിർത്തിക്കൊണ്ട് സംരക്ഷിക്കേണ്ടതാണ്.
9. തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിനു , ആവശ്യമുള്ള പക്ഷം, ബന്ധപ്പെട്ട വകുപ്പിൽ നിന്ന് അനുമതി വാങ്ങേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **62/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

Signature valid
Digitally signed by GIRIJA K S
Date: 2020.03.1? ?:14:25 IST
Reason: Approved

ഗിരിജ.കെ.എസ് .
**ചീഫ് ടൗൺ പ്ലാനർ**

ഉള്ളടക്കം : ഒരുസൈറ്റ് പ്ലാൻ

സെക്രട്ടറി
വെമ്പായം ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം

പകർപ്പ് :

1) ഡയറക്ടർ, ഗ്രീൻ കളക്ടീവ് പ്രോജക്ട് Pvt, Ltd
   TC 12/656, പ്രണാം, തമ്പുരാൻ മുക്ക്, തിരുവനന്തപുരം 695035
2) ടൗൺ പ്ലാനർ, തിരുവനന്തപുരം
3) വെബ് സൈറ്റ്.
4) കരുതൽ ഫയൽ.
5) അധികം.